(h)	പവർ ത്രഷർ	50% സബ്സിഡി-പരമാവധി ₹12,000
(i)	ഡീസൽ/ഇലക്ട്രിക് പമ്പ്സെറ്റ് (7.5 കുതിര ശക്തിവരെ)	25% സബ്സിഡി-പരമാവധി ₹10,000
(j)	സസ്യസംരക്ഷണ ഉപകരണങ്ങൾ	25% സബ്സിഡി-പരമാവധി ₹800
(k)	കായികമായി പ്രവർത്തിപ്പിക്കുന്നത്	25% സബ്സിഡി-പരമാവധി ₹2,000
(l)	പവർ ഓപ്പറേറ്റഡ്	25% സബ്സിഡി-പരമാവധി ₹4,000
(m)	കൊയ്ത്തു മെതി യന്ത്രങ്ങൾ	25% സബ്സിഡി-പരമാവധി ₹1.5 Lakhs

(ഡി) സ്വീകരിച്ചിട്ടുണ്ട്. കർഷകർക്ക് ആവശ്യമായ കാർഷിക യന്ത്രോപകരണങ്ങൾ കൃഷി വകുപ്പിന്റെ ജില്ലാ എഞ്ചിനീയറിംഗ് ഓഫീസുകളിലും കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ ഓഫീസുകൾ വഴിയും ന്യായമായ വാടകയ്ക്ക് നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

കൃഷി നടത്തിപ്പിനായി തൊഴിൽസേന

168(2424) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷിനടത്തിപ്പിനായി തൊഴിൽസേന രൂപീകരിക്കുന്നതിന് മാനദണ്ഡങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(സി) തൊഴിൽസേന വഴിയുള്ള കൃഷി നടത്തിപ്പിൽ ഉദ്ദേശിക്കുന്ന നേട്ടങ്ങൾ എന്തെല്ലാമാണ് ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

കൃഷിയെ മാത്രം ആശ്രയിച്ച് ജീവിക്കുന്ന മുഴുവൻസമയ കൃഷിക്കാർ

169(2425) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷിയെ മാത്രം ആശ്രയിച്ച് ജീവിക്കുന്ന മുഴുവൻസമയ കൃഷിക്കാരുടെ പേരുവിവരവും കൃഷിയിടങ്ങളുടെ വിസ്തൃതിയും സംബന്ധിച്ച് കണക്കെടുത്തിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ലെങ്കിൽ അത്തരം ഒരു കണക്കെടുപ്പ് നടത്തുമോ ;

(സി) ഇത്തരം കൃഷിക്കാരുടെ ജീവിതനിലവാരത്താഴ്ച തടയുന്നതിനു വേണ്ടി ഒരു പഠനം നടത്തി ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) നിലവിൽ ഇല്ലെങ്കിലും ഭാവിയിൽ ഇക്കാര്യം പരിശോധിക്കുന്നതാണ്.

(സി) ഇക്കാര്യം നിലവിൽ പരിഗണനയിലില്ലെങ്കിലും ഭാവിയിൽ പരിശോധിക്കുന്നതാണ്.

തണ്ണീർമുക്കം ബണ്ടിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ

70(2426) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തണ്ണീർമുക്കം ബണ്ട് അടച്ചിടുന്ന സമയം പരമാവധി കുറയ്ക്കാൻ കഴിയുംവിധം ശാസ്ത്രീയമായ ഒരു കാർഷിക കലണ്ടർ തയ്യാറാക്കാനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ ; ഇത്തരത്തിൽ ഒരു കാർഷിക കലണ്ടർ തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) തണ്ണീർമുക്കം ബണ്ട് പൂർണ്ണമായും ഷട്ടറുകളുടെ അടിസ്ഥാനത്തിൽ പുനരുദ്ധരിക്കുന്നതു സംബന്ധിച്ച് പഠനം നടത്തിയ ചെന്നൈ ഐ.ഐ.ടി. എന്തൊക്കെ നിർദ്ദേശങ്ങളാണ് സർക്കാരിന് സമർപ്പിച്ചിട്ടുള്ളത് ;

(സി) ഇതനുസരിച്ച് തണ്ണീർമുക്കം ബണ്ടിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ ; ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) തണ്ണീർമുക്കം ബണ്ടിന്റെ അടച്ചിടുന്ന സമയം പരമാവധി കുറയ്ക്കുന്നതിനും നവീകരണത്തിനുമായി കുട്ടനാട് വെറ്റ്‌ലാന്റ് സിസ്റ്റത്തെക്കുറിച്ച് പഠിക്കുന്നതിലേക്ക് ഐ.ഐ.ടി. ചെന്നൈയെയും സി.ഡബ്ല്യു.ആർ.ഡി.എം. കോഴിക്കോടിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. 11-6-2009-ൽ കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ, ഐ.ഐ.ടി. ചെന്നൈ എന്നിവർ ചേർന്ന് ഒരു എം.ഒ.യു. ഒപ്പുവെച്ചിട്ടുണ്ട്. ടി പഠനം പുരോഗതിയിലും അന്തിമ പഠന റിപ്പോർട്ട് 2011 ഫെബ്രുവരി മാസം 28-ന് മുൻപായി ലഭിക്കുമെന്നും പ്രതീക്ഷിക്കുന്നു. നിലവിൽ പുഞ്ചകൃഷിക്കായി കൃഷി വകുപ്പിന്റെ ഒരു അംഗീകൃത കാർഷിക കലണ്ടർ ഉണ്ട്. എന്നാൽ ടി പഠന റിപ്പോർട്ട് ലഭിച്ചതിനുശേഷം കുട്ടനാട്ടിലെ കർഷകർക്ക് സ്ഥിരമായി പ്രാവർത്തികമാക്കുന്നതിലേക്ക് ഒരു ശാസ്ത്രീയ കാർഷിക കലണ്ടർ തയ്യാറാക്കുന്നതായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly